പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1911 08.06.2018-ലെ മറുപടിക്ക്

# നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ വികസനം

ചോദ്യം

ശ്രീ. കെ. ആൻസലൻ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ 2017-18 വർഷത്തിൽ പുതുതായി എത്ര ബസുകളാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | രണ്ട് ബസ്സുകൾ (ഒരു പുതിയ ബസ്സും, മറ്റ് ഡിപ്പോയിൽ നിന്നും മാറ്റി നൽകിയ ഒരു ബസ്സും). |
| (ബി) | തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്ന പ്രധാന കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ ഏതൊക്കെയാണെന്നും അവയിൽ ഓരോന്നിന്റെയും പ്രതിമാസ വരുമാനം എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | തിരുവനന്തപുരം സെൻട്രൽ - 7,80,00,000 രൂപ<br>പാറശ്ശാല - 3,47,25,000 രൂപ<br>ആറ്റിങ്ങൽ - 3,07,50,000 രൂപ<br>നെയ്യാറ്റിൻകര - 3,06,00,000 രൂപ |
| (സി) | നെയ്യാറ്റിൻകര ഡിപ്പോയിൽ പുതുതായി ആരംഭിക്കുന്ന സർവ്വീസുകൾ ഏതൊക്കെ റൂട്ടിലാണെന്ന് വ്യക്തമാക്കാമോ; | (സി) | നെയ്യാറ്റിൻകര ഡിപ്പോയിൽ നിന്നും ഉടൻ തന്നെ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും പരിഗണനയിലില്ല. |
| (ഡി) | 2018-19 വർഷത്തിൽ പ്രസ്തുത ഡിപ്പോയെ ശക്തിപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (ഡി) | എല്ലാ റൂട്ടുകളിലും ചെയിൻ സർവ്വീസ്, പാരലൽ സർവ്വീസുകാരുടെ കടന്നുകയറ്റം തടയുന്നതിനും സാമൂഹ്യ വിരുദ്ധരുടെ അതിക്രമങ്ങൾ കണ്ടുപിടിക്കുന്നതിനും പോലീസിന്റെയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. സ്ത്രീകളുടെ സുരക്ഷയ്ക്കായി ഹരിത സൗഹൃദ കേന്ദ്രം, നാപ്കിൻ വെൻഡിംഗ് മെഷീൻ, നാപ്കിൻ ബേർണിംഗ് മെഷീൻ, മുലയൂട്ടൽ കേന്ദ്രം, വനിതാ ഹെൽപ് ഡെസ്ക് എന്നീ കാര്യങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ